**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5229** **02-11-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ ടൂറിസം എക്സ്ക്ലൂസീവ് സ്പെഷ്യൽ സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. സംസ്ഥാനത്ത് ടൂറിസം എക്സ്ക്ലൂസീവ് സ്പെഷ്യൽ സർവീസുകൾ ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത സർവ്വീസ് നടത്തുന്ന ഡിപ്പോകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ സർവ്വീസുകളിൽ നൽകുന്ന സേവനങ്ങളും സൗകര്യങ്ങളും അറിയിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. സംസ്ഥാനത്ത് ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് യാത്രക്കാരുടെ ബാഹുല്യം പരിഗണിച്ച് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ മലപ്പുറം, മൂന്നാർ, ചാലക്കുടി, ഇരിങ്ങാലക്കുട യൂണിറ്റുകളിൽ നിന്നാണ് ഇതുമായി ബന്ധപ്പെട്ട് സർവ്വീസുകൾ നടത്തി വരുന്നത്. മലപ്പുറം, മൂന്നാർ യൂണിറ്റുകളിൽ നിന്നും വിവിധതരം ബസ്സുകളുപയോഗിച്ച് മൂന്നാറിലെ പ്രധാന വിനോദ സഞ്ചാര മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട്, തിരക്ക് അനുസരിച്ച് ചാർട്ടേർഡ് സ്പെഷ്യൽ സർവ്വീസുകൾ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളായ മൂന്നാർ, ടീ ഫാക്ടറി, ടീ മ്യൂസിയം, ടോപ്പ് സ്റ്റേഷൻ, കണ്ടള ഡാം, ഇക്കോപോയിന്റ്, മാട്ടുപ്പെട്ടി ഡാം, ഫ്ളവർ ഗാർഡൻ എന്നിവ സന്ദർശിക്കുന്നതിനും, ടി സ്ഥലങ്ങളിൽ ചുരുങ്ങിയ വിശ്രമ സമയവും നൽകുന്നുണ്ട്. ചാലക്കുടി, ഇരിങ്ങാലക്കുട യൂണിറ്റുകളിൽ നിന്നും അതിരപ്പള്ളി, മലക്കപ്പാറ എന്നിവിടങ്ങളിലേക്ക് തിരക്ക് അധികരിക്കുന്ന അവധി ദിവസങ്ങൾ ഓർഡിനറി സ്പെഷ്യൽ സർവ്വീസുകൾ നടത്തി വരുന്നു. ഇവിടങ്ങളിലെ പ്രധാനപ്പെട്ട വ്യൂ പോയിന്റുകളിൽ സഞ്ചാരികൾക്ക് വിശ്രമ സമയത്ത് ഫോട്ടോ ഷൂട്ടിംഗ് ഉൾപ്പടെ സമയം നൽകുന്നുണ്ട്. കൂടാതെ വിനോദ സഞ്ചാരികൾക്കായി തിരക്ക് കുറയ്ക്കുവാൻ മുൻകൂർ ബുക്കിംഗ് സ്വീകരിച്ച് സർവ്വീസുകൾ അനുവദിച്ച് വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഡിപ്പോകളിൽ നിന്നും കേരളത്തിലെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് അവധി ദിവസങ്ങളിൽ ട്രാഫിക് ഡിമാന്റ് അനുസരിച്ച് (കുറഞ്ഞത് 40 യാത്രക്കാരെങ്കിലും ലഭ്യമാകുന്ന സാഹചര്യത്തിൽ) ദൈർഘ്യം അനുസരിച്ചുമുള്ള ടിക്കറ്റ് നിരക്കിൽ ആകർഷകമായ അഡീഷണൽ സർവ്വീസുകളും ആവശ്യാനുസരണം അയച്ച് വരുന്നുണ്ട്. ഈ |

| | | | |
|---|---|---|---|
| | | | പദ്ധതികൾ വിപുലീകരിച്ച് ടിക്കറ്റിതര വരുമാനം ലഭ്യമാക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇത് വിപുലീകരിക്കുന്നതിനായി കോർപ്പറേഷനിൽ പ്രത്യേകം കൊമേഴ്സ്യൽ / മാർക്കറ്റിംഗ് വിഭാഗം രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടൂറിസം മേഖലയിൽ പുതിയ സ്ഥലങ്ങൾ കണ്ടെത്തി ആകർഷണീയമായ പാക്കേജ് ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിലേയ്ക്കായി BTC (Budget Tourism Cell) എന്ന ഒരു വിംഗ് രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ടൂറിസം ഡെസ്റ്റിനേഷനുകളായി സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. കണ്ടെത്തിയ സ്ഥലങ്ങളും റൂട്ടുകളും ഏതെല്ലാമാണെന്ന് അറിയിക്കാമോ; കൂടുതൽ സ്ഥലങ്ങൾ ഉൾപ്പെടുത്താനാകുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി. സംസ്ഥാനത്ത് ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് യാത്രക്കാരുടെ ബാഹുല്യം പരിഗണിച്ച് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ മലപ്പുറം, മൂന്നാർ, ചാലക്കുടി, ഇരിങ്ങാലക്കുട യൂണിറ്റുകളിൽ നിന്നാണ് ഇതുമായി ബന്ധപ്പെട്ട് സർവ്വീസുകൾ നടത്തി വരുന്നത്. മലപ്പുറം, മൂന്നാർ യൂണിറ്റുകളിൽ നിന്നും വിവിധതരം ബസ്സുകളുപയോഗിച്ച് മൂന്നാറിലെ പ്രധാന വിനോദ സഞ്ചാര മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട്, തിരക്ക് അനുസരിച്ച് ചാർട്ടേർഡ് സ്പെഷ്യൽ സർവ്വീസുകൾ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളായ മൂന്നാർ, ടീ ഫാക്ടറി, ടീ മ്യൂസിയം, ടോപ്പ് സ്റ്റേഷൻ, കുണ്ടള ഡാം, ഇക്കോപോയിന്റ്, മാട്ടുപ്പെട്ടി ഡാം, ഫ്ളവർ ഗാർഡൻ എന്നിവ സന്ദർശിക്കുന്നതിനും, ടി സ്ഥലങ്ങളിൽ ചുരുങ്ങിയ വിശ്രമ സമയവും നൽകുന്നുണ്ട്. ചാലക്കുടി, ഇരിങ്ങാലക്കുട യൂണിറ്റുകളിൽ നിന്നും അതിരപ്പള്ളി, മലക്കപ്പാറ എന്നിവിടങ്ങളിലേക്ക് തിരക്ക് അധികരിക്കുന്ന അവധി ദിവസങ്ങൾ ഓർഡിനറി സ്പെഷ്യൽ സർവ്വീസുകൾ നടത്തി വരുന്നു. ഇവിടങ്ങളിലെ പ്രധാനപ്പെട്ട വ്യൂ പോയിന്റുകളിൽ സഞ്ചാരികൾക്ക് വിശ്രമ സമയത്ത് ഫോട്ടോ ഷൂട്ടിംഗ് ഉൾപ്പടെ സമയം നൽകുന്നുണ്ട്. കൂടാതെ വിനോദ സഞ്ചാരികൾക്കായി തിരക്ക് കുറയ്ക്കുവാൻ മുൻകൂർ ബുക്കിംഗ് സ്വീകരിച്ച് സർവ്വീസുകൾ അനുവദിച്ച് വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഡിപ്പോകളിൽ നിന്നും കേരളത്തിലെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് അവധി ദിവസങ്ങളിൽ ട്രാഫിക് ഡിമാന്റ് അനുസരിച്ച് (കുറഞ്ഞത് 40 യാത്രക്കാരെങ്കിലും ലഭ്യമാകുന്ന സാഹചര്യത്തിൽ) ദൈർഘ്യം അനുസരിച്ചുമുള്ള ടിക്കറ്റ് നിരക്കിൽ ആകർഷകമായ അഡീഷണൽ സർവ്വീസുകളും ആവശ്യാനുസരണം അയച്ച് വരുന്നുണ്ട്. ഈ പദ്ധതികൾ വിപുലീകരിച്ച് ടിക്കറ്റിതര വരുമാനം ലഭ്യമാക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇത് വിപുലീകരിക്കുന്നതിനായി കോർപ്പറേഷനിൽ പ്രത്യേകം കൊമേഴ്സ്യൽ / മാർക്കറ്റിംഗ് വിഭാഗം |

| | | | |
|---|---|---|---|
| | | | രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടൂറിസം മേഖലയിൽ പുതിയ സ്ഥലങ്ങൾ കണ്ടെത്തി ആകർഷണീയമായ പാക്കേജ് ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിലേയ്ക്കായി BTC (Budget Tourism Cell) എന്ന ഒരു വിംഗ് രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ഇത്തരം സർവ്വീസുകളിൽ യാത്രക്കാരുടെ രാത്രി ഉറക്കത്തിന് കെ.എസ്.ആർ.ടി.സി. ഒരുക്കുന്ന സംവിധാനങ്ങൾ എന്താണ്; സ്ലീപ്പർ ബസ്സുകൾക്ക് പകരം എ.സി. ബർത്തുകളും സ്വകാര്യത ഉറപ്പാക്കുന്ന കാരവാനുകളും നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | നിലവിൽ സ്ലീപ്പർ ബസ്സുകൾ നൽകിയിട്ടുണ്ട്. മൂന്നാറിൽ 'സ്ലിപർ ഇൻ ബസ്' എന്ന പദ്ധതി പ്രകാരം യാത്രക്കാർക്കു കുറഞ്ഞ ചിലവിൽ താമസ സൗകര്യം ഒരുക്കി നൽകുന്നുണ്ട്. ടൂറിസവുമായി ബന്ധപ്പെട്ട് ഫാമിലികൾക്ക് യാത്രചെയ്യുന്നതിനും, വിശ്രമിക്കുന്നതിനുമായി കാരവൻ പദ്ധതികളും പരിഗണനയിലാണ്. |
| (ഡി) | കെ.എസ്.ആർ.ടി.സി.യുടെ ടൂറിസം എക്സ്ക്ലൂസീവ് സ്പെഷ്യൽ സർവ്വീസുകൾ ബുക്ക് ചെയ്യുന്നതിന് ഡിപ്പോകൾക്ക് പകരം പൊതു സംവിധാനം ഏർപ്പെടുത്തുമോ; ഇതിനായി വെബ്പോർട്ടലുകൾ ആരംഭിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യുടെ ടൂറിസം എക്സ്ക്ലൂസീവ് സ്പെഷ്യൽ സർവ്വീസുകൾ ബുക്ക് ചെയ്യുന്നതിന് ഡിപ്പോകൾക്ക് പകരം പൊതു സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അബീ ബസ്, റെഡ് ബസ് തുടങ്ങിയ ഓൺലൈൻ പ്രൊവൈഡർ വഴി വെബ് പോർട്ടലുകൾ വഴിയുള്ള ബുക്കിംഗ് പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ